**<u>അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ടെ</u>**
**<u>നടപടി ഉത്തരവ്</u>**

**പുറപ്പെടുവിക്കുന്നത് : പ്രമോദ് ജി. കൃഷ്ണൻ ഐഎഫ്എസ്**

വിഷയം : കേരള വനം വകുപ്പ് – ജീവനക്കാര്യം – ഹെഡ് അക്കൗണ്ടന്റുമാരുടെ സ്ഥലംമാറ്റവും നിയമനവും – ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന :
1. ഈ ഓഫീസിലെ 23-06-2025-ലെ ഇ3-188/2025 നമ്പർ ഉത്തരവ്.
2. OA (EKM) 930/2025-ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24-06-2025-ലെ ഉത്തരവ്.
3. ഹെഡ് അക്കൗണ്ടന്റ് ശ്രീമതി പ്രീത റ്റി. സി. യുടെ 25-06-2025-ലെ അപേക്ഷ.
4. ഹെഡ് അക്കൗണ്ടന്റ് ശ്രീമതി രാധ എം-ന്റെ 24-06-2025-ലെ അപേക്ഷ.

**<u>ഉത്തരവ് നമ്പർ ഇ3-188/2025 തീയതി : 28-06-2025</u>**

വനം വകുപ്പിൽ ഹെഡ് അക്കൗണ്ടന്റുമാർക്ക് സ്ഥലംമാറ്റം അനുവദിച്ചുകൊണ്ടും, സീനിയർ ക്ലാർക്കുമാർക്ക് ഹെഡ് അക്കൗണ്ടന്റുമാരായി സ്ഥാനക്കയറ്റവും നിയമനവും നൽകിക്കൊണ്ടും സൂചന (1) പ്രകാരം ഉത്തരവായിരുന്നു.

ടി സൂചന (1) ഉത്തരവിൽ നോർത്ത് വയനാട് ഡിവിഷൻ ഓഫീസിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീമതി സുജ എം. ഒ. യെ (ക്രമനമ്പർ -18) വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലേയ്ക്കും, വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീ. ബഷീർ പി. എം. നെ (ക്രമനമ്പർ - 19) നെന്മാറ ഡിവിഷനിലേയ്ക്കും സ്ഥലംമാറ്റിക്കൊണ്ടും, വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ സീനിയർ ക്ലാർക്കായ ശ്രീമതി പ്രീത റ്റി. സി. ക്ക് (ക്രമ നമ്പർ - 29) ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം നൽകി നോർത്ത് വയനാട് ഡിവിഷനിൽ നിയമിച്ചുകൊണ്ടും ഉത്തരവായിരുന്നു.

നെന്മാറ ഡിവിഷനിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ ഹെഡ് അക്കൗണ്ടന്റായ ശ്രീ. ബഷീർ പി. എം., ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA (EKM) 930/2025 നമ്പരായി കേസ്സ് ഫയൽ ചെയ്യുകയും, ടി കേസ്സിലെ സൂചന (2) പ്രകാരമുള്ള ഇടക്കാല ഉത്തരവ് പ്രകാരം മൂന്നാഴ്ചത്തേയ്ക്ക് ടിയാനെ വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ നിലനിർത്താൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഇതേ സമയം

നോർത്ത് വയനാട് ഡിവിഷനിലേയ്ക്ക് ഹെഡ് അക്കൗണ്ടന്റ് ആയി നിയമനം ലഭിച്ച പ്രീത റ്റി.സി., ടിയാൾക്ക് വനം വകുപ്പിലെ മറ്റ് ഏതെങ്കിലും ഓഫീസിലേയേക്ക് സ്ഥലംമാറ്റം നൽകണമെന്നുകാണിച്ച് സൂചന (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, OA (EKM) 930/2025 നമ്പർ കേസ്സിന്മേലുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഇടക്കാല വിധിയും ശ്രീമതി പ്രീത റ്റി. സി. യുടെ അപേക്ഷയും പരിഗണിച്ച്, സൂചന (1) പ്രകാരമുള്ള ഉത്തരവിൽ ഭേഗതി വരുത്തി ഹെഡ് അക്കൗണ്ടന്റായി പ്രൊമോഷൻ ലഭിച്ച ശ്രീമതി പ്രീത റ്റി. സി. യെ നെന്മാറ ഫോറസ്റ്റ് ഡിവിഷനിൽ ടി തസ്തികയിൽ നിയമിച്ചുകൊണ്ടും, ശ്രീ. ബഷീർ പി. എം. നെ വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ ഹെഡ് അക്കൗണ്ടന്റായി നിലനിർത്തികൊണ്ടും ശ്രീമതി സുജ എം. ഒ. യെ നോർത്ത് വയനാട് ഡിവിഷനിൽ ഹെഡ് അക്കൗണ്ടന്റായി നിലനിർത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

മേൽ സൂചന (1) ഉത്തരവിൽ വനം വകുപ്പ് ആസ്ഥാനത്തെ ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ) ഓഫീസിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീമതി രാധ എം-നെ (ക്രമനമ്പർ - 14) ഫോറസ്റ്റ് കൺസർവേറ്റർ (എച്ച്. ആർ. ഡി.) ഓഫീസിലേയ്ക്കും, ഫോറസ്റ്റ് കൺസർവേറ്റർ (എച്ച്. ആർ. ഡി.) ഓഫീസിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീ. സന്തോഷ് കുമാർ ബി. (ക്രമനമ്പർ-15) യെ വനം വകുപ്പ് ആസ്ഥാനത്തെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫർമേഷൻ ടെക്നോളജി)ടെ ഓഫീസിൽ നിയമിച്ചും ഉത്തരവായിരുന്നു. ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ) ഓഫീസിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീമതി രാധ എം., ടിയാളെ ടി ഓഫീസിലോ, വഴുതക്കാട് വനം വകുപ്പ് ആസ്ഥാനത്തോ നിലനിർത്തണമെന്നും കാണിച്ച് സൂചന (4) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീമതി രാധ എം-ന്റെ അപേക്ഷ പരിഗണിച്ച് ടിയാളെ വനം വകുപ്പ് ആസ്ഥാനത്തെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫർമേഷൻ ടെക്നോളജി)ടെ ഓഫീസിൽ ഹെഡ് അക്കൗണ്ടന്റായി നിയമിച്ചുകൊണ്ടും, ശ്രീ. സന്തോഷ് കുമാർ ബി-യെ ഫോറസ്റ്റ് കൺസർവേറ്റർ (എച്ച്. ആർ. ഡി.) ഓഫീസിൽ നിലനിർത്തിക്കൊണ്ടും സൂചന (1) പ്രകാരമുള്ള ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ ഭേദഗതികളോടുകൂടി സൂചന (1) പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതാണ്.

**Signed by Pramod G Krishnan**
**Date: 28-06-2025 15:36:06**

**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)**

പകർപ്പ് : 1. വ്യക്തികൾക്ക് മേലധികാരി മുഖേന നൽകുന്നു.

2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിനി നൽകുന്നു.

3. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും നൽകുന്നു.

4. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നോർത്തേൺ സർക്കിൾ കണ്ണൂരിന് അറിവിലേയ്ക്കായി നൽകുന്നു.

5. ഫോറസ്റ്റ് കൺസർവേറ്റർ (എച്ച്. ആർ. ഡി.) തിരുവനന്തപുരം/
ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ) എന്നിവർക്ക് അറിവിനും, തുടർ നടപടികൾക്കുമായി നൽകുന്നു.

6. വയനാട് വൈൽഡ് ലൈഫ് വാർഡന് തുടർ നടപടികൾക്കായി നൽകുന്നു.

7. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നോർത്ത് വയനാട്, നെന്മാറ എന്നിവർക്ക് തുടർ നടപടികൾക്കായി നൽകുന്നു.

8. അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) വയനാടിന് തുടർ നടപടികൾക്കായി നൽകുന്നു.

9. വനം വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.